25 (*145) കാലവർഷക്കെടുതികൾ നേരിടുന്നതിനുള്ള മുൻകരുതലുകൾ

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ മുൻകൂട്ടി നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശം നൽകുമോ;

(ബി) കാലവർഷക്കെടുതികളിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും, എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) കൃഷിനാശം സംഭവിച്ചവർക്ക് റവന്യൂ വകുപ്പ് സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(എഫ്) സഹായങ്ങൾ അർഹരായവർക്ക് മാത്രം ലഭിക്കുന്നതിന് ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ജി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) കാലവർഷക്കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാകളക്ടർമാർക്കും 20.5.2000-ൽ നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുവാനും, ദുരിതബാധിതരെ മാറ്റിപ്പാർപ്പിക്കുന്നതിനായി പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി അവ ദുരിതാശ്വാസ കേന്ദ്രങ്ങളായി ഉപയോഗിക്കാനായി സജ്ജമാക്കുന്നതിനും, കടലാക്രമണംമൂലം ദുരിതം അനുഭവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുവാനും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിന് ക്രമീകരണങ്ങൾ നടത്തുവാനും അർഹരായ കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചു നൽകുവാനും, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം ഗതാഗത തടസ്സം ഉണ്ടായാൽ ഉടനടി നീക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനും ഗതാഗതം പുനഃസ്ഥാപിക്കുന്നതുവരെ പകരം റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശം നൽകിയിരുന്നു.

(ബി) പൂർണ്ണമായ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. 515 വീടുകൾ പൂർണ്ണമായി തകർന്നതുമൂലം 91.79 ലക്ഷം രൂപയുടെയും 4184 വീടുകൾ ഭാഗീകമായി തകർന്നതുമൂലം 230.37 ലക്ഷം രൂപയുടെയും നഷ്ടം കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം, കണ്ണൂർ ഒഴികെയുള്ള ജില്ലകളിലെ കാർഷിക മേഖലയിലു ണ്ടായ നഷ്ടം പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം 1393.19 ലക്ഷം രൂപയുടേ താണ്. യഥാർത്ഥ നഷ്ടം കൃഷിവകുപ്പ് കണക്കാക്കി വരുന്നതേയുള്ളൂ. കടലാ ക്രമണംമൂലമുള്ള നഷ്ടവും കണക്കാക്കിവരുന്നുണ്ട്. ഇതേവരെ ലഭ്യമായി ട്ടുള്ള നാശനഷ്ടങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തി രിക്കുന്നു.†

(സി) മരണമടഞ്ഞ മുതിർന്ന ആളുകളുടെ കുടുംബത്തിന് 30,000/- രൂപ വീതവും കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവും പരിക്കേറ്റ വർക്ക് സർക്കാർ ആശുപത്രിക്ക് പുറത്ത് ചികിത്സ വേണ്ടിവന്നവർക്ക് പരമാ വധി 1,500/- രൂപവരെയും നടപടി പൂർത്തിയായ കേസ്സുകളിൽ നൽകിയിട്ടു ണ്ട്. പൂർണ്ണമായി തകർന്ന വീട് പുനർനിർമ്മിക്കുന്നതിനായി നൽകുന്ന 15,000/- രൂപയിൽ ആദ്യഗഡുവായ 5,000/- രൂപയും ഭാഗീകമായി നാശം വന്ന വീടുകൾക്ക് നഷ്ടത്തോതനുസരിച്ച് പരമാവധി 5,000/- രൂപ വരെയും നടപടി പൂർത്തിയായ കേസ്സുകളിൽ നൽകിയിട്ടുണ്ട്.

(ഡി) കൃഷി വകുപ്പ് തിട്ടപ്പെടുത്തുന്ന കണക്കുകളുടെ അടിസ്ഥാന ത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ജില്ലാ കളക്ടർ മുഖേനയാണ് നൽകുന്നത്. ഇക്കാര്യത്തിനായി പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ഇ) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നാശനഷ്ട ങ്ങളും മറ്റും നേരിൽ പരിശോധന നടത്തിയ ശേഷം അവരുടെ ശുപാർശയും പരിഗണിച്ചാണ് വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നത്.

(എഫ്) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗ സ്ഥർ ശരിയായ അന്വേഷണം നടത്തി നേരിൽ പരിശോധന നടത്തിയശേഷ മാണ് സഹായ ധനം അനുവദിക്കുന്നത്. ഇക്കാര്യം കർശനമായി പാലിക്കുവാൻ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ജി) 11-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തി നുള്ള ഈ വർഷത്തെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി എത്രയെന്ന് നിശ്ചയിച്ച് ഉത്തരവുകളൊന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

26 (*146) മത്സ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങുന തിന് ദേശീയ സഹകരണ വികസന കോർപ്പറേഷൻ അനുവദിച്ച തുക

<u>ശ്രീ. കെ. സുധാകരൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>
<u>ശ്രീ. കെ.സി. ജോസഫ്</u> :
<u>ശ്രീ. വി.ജെ. പൗലോസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly